കേരള സർക്കാർ

ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പ്

**സർക്കുലർ**

നമ്പർ : 74/2017/ധന തിരുവനന്തപുരം, തീയതി : 01.10.2017

വിഷയം: നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2017-18 – നിയമസഭാ സാമാജികർക്ക് തങ്ങളുടെ ശുപാർശകൾ സമർപ്പിക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ച് നൽകുന്നത് - സംബന്ധിച്ച്.

സൂചന: 1. സ.ഉ.(അച്ചടി) നം. 86/2017/ധന. തീയതി 04.07.2017

2. സ.ഉ.(അച്ചടി) നം. 126/2017/ധന. തീയതി 25.09.2017

2017-18 സാമ്പത്തിക വർഷം മുതൽ നിയോജകമണ്ഡല ആസ്തി വികസന പദ്ധതി ജില്ലാ കളക്ടറേറ്റുകളിലൂടെ നടപ്പാക്കുന്നതിന് സൂചന (1) ലെ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. പ്രസ്തുത ഉത്തരവിൽ എം.എൽ.എ.മാർ തങ്ങളുടെ ശുപാർശകൾ 30.09.2017 ന് മുമ്പായി ബന്ധപ്പെട്ട കളക്ടർമാരെ ഏൽപ്പിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിരുന്നു. ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ഇതിനായുള്ള ക്രമീകരണങ്ങൾ സർക്കാർ നടത്തി വരികയാണ്. സൂചന (2) ലെ ഉത്തരവനുസരിച്ച് അതത് ജില്ലാ കളക്ടർക്ക് കീഴിലുള്ള അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ADC) മുഖേനയായിരിക്കണം പ്രവൃത്തികൾക്കുള്ള ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കേണ്ടതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് പദ്ധതി നടപ്പാക്കുമ്പോൾ പ്രവൃത്തികൾക്കുള്ള ശുപാർശകൾ സമർപ്പിക്കുന്നതിനുള്ള സമയപരിധിയിൽ ഇളവ് നൽകണമെന്ന് നിരവധി നിയമസഭാ സാമാജികർ ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2017-18 ന് കീഴിൽ ശുപാർശകൾ സമർപ്പിക്കുന്നതിനുള്ള സമയപരിധി 30.11.2017 വരെ ദീർഘിപ്പിച്ച് നൽകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**കെ.എസ്. ഉഷ**

**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

എല്ലാ എം.എൽ.എ. മാർക്കും
ബഹു.സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
എല്ലാ മന്ത്രിമാരുടെയും പ്രതിപക്ഷനേതാവിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം,
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( ജി&എസ്.എസ്.എ)കേരള, തിരുവനന്തപുരം,
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
എല്ലാ ഭരണവകുപ്പുകൾക്കും
എല്ലാ വകുപ്പ് തലവൻമാർക്കും.
എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
ട്രഷറി ഡയറക്ടർ
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

**സെക്ഷൻ ഓഫീസർ**